**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** | **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ ബാധിക്കുന്ന കടബാധ്യതകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 31.03.2022 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 3,32,291 കോടി രൂപയാണ്. ഇതിൽ സംസ്ഥാനത്തിന്റെ പൊതുകടമായ 2,19,974.55 കോടി രൂപയും ഉൾപ്പെടുന്നു. പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ്, LIC, GIC, നബാർഡ്, ദേശിയ ലഘു സമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ മുതലായവ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരകടവും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും (വിദേശ സഹായ വായ്പകൾ ഉൾപ്പെടെ) മുൻകൂറുകളും അടങ്ങുന്നതാണ് സംസ്ഥാനത്തിന്റെ പൊതുകടം. ഈ പൊതുകടത്തോടൊപ്പം പൊതു കണക്കിനത്തിലെ ലഘു സമ്പാദ്യങ്ങൾ, പ്രൊവിഡന്റ് ഫണ്ടുകൾ മുതലായവയിൽ നിന്ന് എടുക്കുന്ന വായ്പകൾ കൂടി ചേരുന്നതാണ് സംസ്ഥാനത്തിന്റെ കടബാധ്യത. |
| (ബി) | സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതുകടം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 31.03.2022 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 3,32,291 കോടി രൂപയാണ്. ഇതിൽ സംസ്ഥാനത്തിന്റെ പൊതുകടമായ 2,19,974.55 കോടി രൂപയും ഉൾപ്പെടുന്നു. പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ്, LIC, GIC, നബാർഡ്, ദേശിയ ലഘു സമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ മുതലായവ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരകടവും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും (വിദേശ സഹായ വായ്പകൾ ഉൾപ്പെടെ) മുൻകൂറുകളും അടങ്ങുന്നതാണ് സംസ്ഥാനത്തിന്റെ പൊതുകടം. ഈ പൊതുകടത്തോടൊപ്പം പൊതു കണക്കിനത്തിലെ ലഘു സമ്പാദ്യങ്ങൾ, പ്രൊവിഡന്റ് ഫണ്ടുകൾ മുതലായവയിൽ നിന്ന് എടുക്കുന്ന വായ്പകൾ കൂടി ചേരുന്നതാണ് സംസ്ഥാനത്തിന്റെ കടബാധ്യത. |
| (സി) | എഫ്.ആർ.ബി.എം. ആക്ടിന്റെ പരിധിയിൽ കവിഞ്ഞ കടബാധ്യത സംസ്ഥാനത്തിനുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിധി പാലിക്കാൻ എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം ചുവടെ പറയും പ്രകാരമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| വർഷം | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|---|
| കടം/ ജിഎസ് ഡി പി | 34.7 | 34.5 | 33.7 | 32.8 | 32 |

| | | | |
|---|---|---|---|
| | | | 2021-22 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം 36.98% ആകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 ലെ സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതത്തിൽ 0.14 ശതമാനത്തിന്റെ നേരിയ കുറവ് വന്നിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്.<br><br>സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ